നോവലെറ്റ്

# കുഞ്ചുവിൻെറ ബഹിരാകാശയാത്ര

• എം. കുഞ്ഞാപ്പ



3

കർഷകനും മകനും പശുവും പമ്പുസെറ്റുമായി മടങ്ങിവരുന്നുണ്ട്. ഇനിയും ഈ ഒളിഞ്ഞിരിപ്പ് സുരക്ഷിതമല്ല. അവൻ ചുറ്റും നോക്കി. അതാ സാധനങ്ങൾ കയറ്റിയ ഒരു ലോറി വരുന്നു! കുഞ്ചു ഒറ്റച്ചാട്ടം! കുരങ്ങനെ ആരെങ്കിലും ചാടാൻ പഠിപ്പിക്കണോ?

അവൻ കൃത്യമായി വണ്ടിക്കകത്തെ ഒരു പെട്ടിക്കു മുകളിൽ വന്നു നാലു കാലിൽ നിന്നു! ലോറി പട്ടണത്തിലൂടെ കടന്നു പോവുമ്പോൾ കുഞ്ചു പെട്ടികൾക്കിടയിൽ പതുങ്ങിയിരുന്നു.

വലിയ ഒരു കെട്ടിടത്തിനു മുന്നിൽ വണ്ടി ചെന്നുനിന്നു. അതൊരു മ്യൂസിയമാണ്. കുഞ്ചുവിന് മ്യൂസിയം എന്നാൽ എന്താണെന്ന് അറിയില്ല. അവനാകെ ജിജ്ഞാസയായി. അവൻ ആരും കാണാതെ ലോറിയിൽ നിന്നിറങ്ങി മ്യൂസിയത്തിനകത്തേക്കു കയറി. അവൻ വിസ്മയിച്ചു പോയി! അവിടെ ഓരോ മുറിയിലും പല തരം ജീവികൾ! മൂലയിലൊരു മരത്തിൽ മൂങ്ങയിരിക്കുന്നു. മറ്റൊരു കൊമ്പിൽ ചിറകുവിരിച്ചൊരു പരുന്ത്! താഴെ ചില്ലുകൂട്ടിൽ വലിയൊരു ആമ! കടുവയും കരടിയും പെരുമ്പാമ്പുമുണ്ട്! കുഞ്ചു പേടിയോടെ പുറത്തേക്കു കടക്കാൻ നോക്കുമ്പോൾ അതാ തലക്കു മുകളിൽ ഒരു കൂറ്റൻ നീലത്തിമിംഗലം!

'ങേ! തിമിംഗലം മുകളിലോ!'

അപ്പോഴാണ് കുഞ്ചു ശ്രദ്ധിച്ചത്; അവിടെ കണ്ട ഒരു ജീവിയും ചലിക്കുന്നുണ്ടായിരുന്നില്ല. എല്ലാം സ്റ്റഫ് ചെയ്തു വെച്ചതോ ഉണ്ടാക്കിയതോ ആയിരുന്നു. കുഞ്ചു ഒരു ചെറുപുഞ്ചിരിയോടെ ഓരോ ജീവിയുടെയും അടുത്തു ചെന്നുനോക്കി.

അവർക്ക് ഒരു സലാം വെച്ചുകൊടുത്തിട്ട് കുഞ്ചു അടുത്ത വാതിൽ തുറന്നു. അവൻ ഒരു നിമിഷം തരിച്ചുനിന്നു. പല തരം ദിനോസറുകൾ തലയുയർത്തി നിൽക്കുന്ന വലിയൊരു

▸▸ ഇന്ത്യയിൽ ആദ്യമായി മൊബൈൽ കോടതി നിലവിൽ വന്ന സംസ്ഥാനം– ഹരിയാന



ഹാളായിരുന്നു അത്. ഇതൊന്നും യഥാർഥമല്ലല്ലോ എന്ന് പെട്ടെന്നവന് ഓർമ വന്നു. ഒരിടത്ത് ഒരു അമ്മ ദിനോസറും കുഞ്ഞും നിൽക്കുന്നുണ്ടായിരുന്നു.

ഏറെ കൗതുകത്തോടെ അവനതു നോക്കിനിന്നു. അവരുടെ തൊട്ടടുത്ത് ദിനോസർ യുഗത്തിലെ ചിലയിനം പനകളും ചെടികളും നിൽപ്പുണ്ടായിരുന്നു. അതിലൊരു പന കായ്ച്ചുനിൽക്കുന്നു! അതു കണ്ടതോടെ കുഞ്ചുവിന്റെ വയറു കത്താൻ തുടങ്ങി. ഉച്ചക്ക് ഭക്ഷണം കഴിച്ചില്ലല്ലോ എന്നവൻ ഓർത്തു. അവൻ പനയിൽ കയറാനായി ഓടി. അപ്പോൾ അങ്ങോട്ട് ആരൊക്കെയോ നടന്നു വരുന്ന ശബ്ദം കേട്ടു.

എവിടെയാണ് ഒന്നൊളിക്കുക?

അവൻ ചുറ്റും നോക്കി. ഒളിക്കാൻ പറ്റുന്ന യാതൊന്നും കണ്ടില്ല. പെട്ടെന്ന് അവനൊരു സൂത്രം തോന്നി. കുഞ്ചു രണ്ടു ദിനോസറുകൾക്കുമിടയിൽ നിശ്ചലനായി നിന്നു. സ്റ്റഫ് ചെയ്ത മറ്റൊരു ജീവി പോലെ! ദിനോസർ കൗതുകങ്ങൾക്കിടയിൽ ഒരു കുട്ടിക്കുരങ്ങനെ ആരും ശ്രദ്ധിച്ചതേയില്ല.

എല്ലാവരും പോയതോടെ കുഞ്ചുവിന് ആശ്വാസമായി. അവൻ വീണ്ടും പനയുടെ മുകളിലേക്കു നോക്കി. പിന്നെ എല്ലാം വളരെ വേഗത്തിലായിരുന്നു. അമ്മദിനോസറിന്റെ നീണ്ട വാലിലൂടെ ഓടിക്കയറിയ കുഞ്ചു വളരെ വേഗം അതിന്റെ മുതുകിലെത്തി. പിന്നെ കഴുത്തിലൂടെ അള്ളിപ്പിടിച്ചു മുകളിലേക്ക് കയറി. തലയിൽ, മൂക്കിൻ തുമ്പത്തുനിന്ന് പനങ്കുലയിലേക്ക് കൈ നീട്ടിപ്പിടിക്കാം! അവൻ പഴുത്ത പനങ്കുലയിൽ പിടിച്ചു കായകൾ പറിക്കാൻ നോക്കി. പക്ഷേ, നല്ല ഉറപ്പ്! അവ യഥാർഥ പനങ്കുലയല്ലെന്ന് കുഞ്ചുവിന് അപ്പോഴും മനസ്സിലായില്ല. അവൻ പിന്നെയും പിന്നെയും ശക്തിയായി വലിച്ചു.

പെട്ടെന്നാണതു സംഭവിച്ചത്. പനമരം ഒടിഞ്ഞ് ദിനോസറിനു മുകളിലേക്കു വീണു. ദിനോസറും കുഞ്ചുവും തറയിലേക്കു വീണു!

ശബ്ദം കേട്ട് മ്യൂസിയത്തിനകത്തെ ജോലിക്കാർ ഓടിവന്നു. വീണു കിടക്കുന്ന ദിനോസർ പ്രതിമകൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന കുട്ടിക്കുരങ്ങനെ അവർ കണ്ടുപിടിച്ചു. അവർ കുഞ്ചുവിനെ പൊക്കിയെടുത്തു.

മ്യൂസിയം ഡയറക്ടർ പ്രൊഫ. വൈസ്മാന്റെ മുന്നിൽ ഹാജരാക്കി. അദ്ദേഹം ദേഷ്യം കൊണ്ടു പുകഞ്ഞു നിൽക്കുകയായിരുന്നു.

‘ഈ വികൃതിക്കുരങ്ങനെ പൂട്ടിയിടൂ.‘

ഡയറക്ടർ കൽപ്പിച്ചു.

‘അവനെ മൃഗശാലയിൽ കൊണ്ടുപോയി വിടണം. ഇനി അവന്റെ കളി അവിടെ മതി!’

അവർ കുഞ്ചുവിനെ ഒരു കൂട്ടിലടച്ചു. അവനാകെ നാണക്കേടായി.

പെട്ടെന്ന് വാതിൽ തുറക്കപ്പെട്ടു. ഒരാൾ മുറിയിലേക്ക് കയറി വന്നു. മഞ്ഞത്തൊപ്പി ധരിച്ച മെലിഞ്ഞ ചെറുപ്പക്കാരൻ!

(തുടരും)

✦